Janayugom 19-1-19, p-09




# ആദായം വിരിയിക്കാൻ മുല്ലച്ചെടികൾ



ഡോ. ഷൈൻ കുമാർ
അസിസ്റ്റന്റ് ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ്,
കൊല്ലം
ഫോൺ: 9847111827

മുല്ല എന്നും മുന്നിലാണ്. സൗരഭ്യത്തിലും ആദായത്തിലും മുല്ലയെ വെല്ലാൻ മറ്റ് പൂക്കൾ ഇന്നേവരെ വന്നിട്ടില്ല. ദൈവിക ആരാധനയ്ക്കും, വിവാഹത്തിനും, സുഗന്ധതൈല നിർമ്മാണത്തിനുമൊക്കെ ഉപയോഗിക്കുന്ന മുല്ലപ്പൂക്കൾ അധികവും മറുനാട്ടിൽ നിന്നാണ് എത്തുന്നത്.

മലയാളികളുടെ അഭിനിവേശങ്ങളിലൊന്നാണ് കുടമുല്ലപ്പൂക്കൾ. എല്ലാ നന്മനിറഞ്ഞ തുടക്കങ്ങൾക്കും മുല്ലപ്പൂവിന്റെ ചാരുതയും സൗരഭ്യവും ഒഴിവാക്കാൻ കഴിയാത്ത സാന്നിദ്ധ്യമായിരിക്കുന്നു. ഇന്ന് മുല്ലപ്പൂക്കളധികവും തമിഴ്നാട്ടിൽ നിന്നാണ് വരുന്നത്. എന്നാൽ കേരളത്തിൽ വിരിയുന്ന പൂക്കൾക്ക് ഉയർന്ന സൗരഭ്യവും ചന്തവും ഉള്ളതിനാൽ എല്ലാക്കാലത്തും നല്ല ഡിമാന്റുണ്ട്. ജാസ്മിൻ സാമ്പക്ക് എന്ന ശാസ്ത്രനാമത്തിലറിയപ്പെടുന്ന(ഗുണ്ടുമല്ലിക) കുറ്റിമുല്ലയാണ് കേരളത്തിൽ സംരംഭമായി തുടങ്ങാവുന്ന ഇനം.


പൂവിറുക്കാൻ ആളില്ലാതെ വരുന്നതാണ് കുറ്റിമുല്ലയുടെ പ്രശ്നം. പൂനുള്ളി പൂനുള്ളി കൈവിരൽ കുഴഞ്ഞല്ലോ എന്നാണ് കർഷകർ പറയാറ്. എന്നാൽ കൈ കുഴയാൻ വീട്ടിലെല്ലാവരും തയ്യാറാണെങ്കിൽ കുറ്റിമുല്ല കസറും. സുഗന്ധമുള്ള പണം കൈനിറയെ വാരാം.

നല്ല വെയിലടിക്കുന്നതും നീർവാഴ്ചയുള്ളതുമായ ഇടമാണ് കുറ്റിമുല്ലയ്ക്ക് യോജിച്ചത്. അധികം മൂപ്പെത്താത്ത കമ്പുകൾ (ഗുണ്ടുമല്ലിക) നടീൽ വസ്തുക്കളായി വാങ്ങാം. കമ്പുകളുടെ കീഴ്ഭാഗം ചെരിച്ചു മുറിച്ച് വെള്ളത്തിൽ മുക്കിയ ശേഷം വേരു പിടിക്കാൻ സഹായിക്കുന്ന ഹോർമോൺ പൊടിയിൽ (ROOTEX, KERADH) അമർത്തിയ ശേഷം പശിമരാശി മണ്ണു നിറച്ച ചെറു കവറുകളിൽ ഒരു കൈവിരൽ താഴ്ത്തി നടാം. കവറുകളിൽ നട്ട തൈകൾ നഴ്സറികളിൽ നിന്നു വാങ്ങുവാനും കിട്ടും.

ഒന്നരയടി നീളത്തിലും വീതിയിലും താഴ്ചയിലും കുഴികളെടുത്ത് വെയിൽ കൊള്ളിച്ച് ഇടണം. കുഴികൾ തമ്മിൽ 1 മീറ്റർ അകലമാവാം. കുഴികളിലെ താഴ്മണ്ണ് ഇളക്കി തൊണ്ട് ചകിരിഭാഗം മുകളിൽ വരത്തക്കവണ്ണം അടുക്കിയ ശേഷം 5 കിലോ ഉണക്കച്ചാണകപ്പൊടി, 100 ഗ്രാം വേപ്പിൻപിണ്ണാക്ക്, 100 ഗ്രാം എല്ലുപൊടി 2 പിടി ആറ്റുമണൽ അരിച്ചത് എന്നിവയുടെ മിശ്രിതമിട്ട് അതിന് മുകളിൽ ഒരു ചാൺ അകലത്തിൽ 2 തൈകൾ നടാം. 2 മാസമിടയ്ക്ക് വളപ്രയോഗം വേണം. വേപ്പിൻപിണ്ണാക്ക്, കടലപ്പിണ്ണാക്ക്, എന്നിവ പുളിപ്പിച്ച് ചാണകത്തെളിയുമായി ചേർത്ത് വളമാക്കാം. ചുവട്ടിൽ പുതയിടുകയും കളപറീക്കുകയും വേണം.

രണ്ടാം മാസം മുതൽ മുല്ല പൂവിട്ട് തുടങ്ങും. 6-ാം മാസം മുതൽ പൂവെടുക്കാം. പൂനുള്ളിയെടുത്ത ശേഷം അല്ലിയൊടിച്ച് കളഞ്ഞാൽ വീണ്ടും പൊട്ടിമുളയ്ക്കും. സൂര്യനുദിക്കുമ്പോഴാണ് പൂ പറിക്കേണ്ടത്. മണ്ണിൽ നിന്ന് ഒന്നരയടി ഉയരത്തിൽ കൊമ്പുകൾ മുറിച്ച് മാറ്റി പ്രൂണിംഗ് നടത്തണം. മിഥുനം, കർക്കിടക മാസങ്ങളാണ് പ്രൂണിംഗിന് നല്ലത്. പ്രൂണിംഗിന് മുമ്പായി നന നിറുത്തുകയും പിന്നീട് തുടരുകയും വേണം. മുറിപ്പാടുകളിൽ രോഗബാധയുണ്ടാവാതിരിക്കാൻ കുമ്മായവും തുരിശും ചേർത്ത ബോർഡോ കുഴമ്പ് പുരട്ടാം.

മൂന്നു വർഷത്തിനുള്ളിൽ പരമാവധി പൂക്കൾ കിട്ടും. ഒരേക്കർ സ്ഥലത്ത് 1000 തടമെടുക്കാം. 2000 മുല്ലത്തൈകൾ നടാം. ഒരു ചെടിയിൽ നിന്നും ദിനവും 50 ഗ്രാം പൂ പറിക്കാം. 900 മുതൽ 600 രൂപ വരെ കിലോയ്ക്ക് കിട്ടുന്ന മുല്ലയ്ക്ക് ആരും നല്ല നമസ്കാരം പറഞ്ഞു പോകും.





## മുല്ലയെ നല്ലതാക്കാൻ

മിഥുനം, കർക്കിടകം മാസങ്ങളിൽ മുല്ലയ്ക്ക് പൂക്കൾ കുറവാണ്. ജൈവവളം കൂടാതെ നേർത്ത രീതിയിൽ രാസവളങ്ങൾ കൂടി യുക്തി ഭദ്രമായി ഉപയോഗിച്ചാൽ മുല്ല നന്നായി പൂവിടും. ചെടിയുടെ അകലത്തിൽ നിന്ന് രണ്ടര അടി അകലത്തിൽ തടമെടുത്ത് കളകൾ നീക്കം ചെയ്ത് രാസവളമിടാം. ഒരു ചുവടിന് 100 ഗ്രാം യൂറിയ 300 ഗ്രാം എല്ലുപൊടി 125 ഗ്രാം പൊട്ടാഷ് എന്നിവ 5 കിലോ കമ്പോസ്റ്റ് കാലി വളർത്തൽ ചേർത്തിടാം. വളപ്രയോഗത്തിന് മുമ്പായി കളകൾ ഉറപ്പായും നീക്കണം.

ചുവട്ടിൽ പുതയിടുന്നത് കളനിയന്ത്രണത്തിനും ഈർപ്പം നിലനിറുത്തുന്നതിനും നല്ലതാണ്. വേനൽക്കാലത്ത് ഒന്നിടവിട്ട് നനവേണം. തടം എപ്പോഴും 3-4 അഞ്ച് താഴ്ചയിൽ ഉണ്ടാവണം.

മുല്ലച്ചെടി പുഷ്പിക്കുന്നതിന് ഫോസ്ഫറസ് അടങ്ങിയ വളങ്ങൾ കൊടുക്കുന്നത് നല്ലതാണ്. രണ്ടാഴ്ച കൂടുമ്പോൾ സൂപ്പർ ഫോസ്ഫേറ്റ് / റോക്ക് ഫോസ്ഫേറ്റ് (രാജ് ഫോസ്ഫേറ്റ്) ചുവട്ടിൽ ചെറുതായി വിതറി കൊടുക്കുക. കൂടുതൽ പുഷ്പങ്ങൾ ഉണ്ടാകുന്നത് കാണാം. മറ്റൊരു മാർഗ്ഗം പുകയ്ക്കലാണ്. ചെടികൾ ഷീറ്റ് കൊണ്ട് പുതച്ചശേഷം അടയിൽ പുകയിട്ട് കൊടുക്കുക. ചെറിയ നെരിപ്പോടിൽ ഉണങ്ങിയ തൊണ്ട് ഇട്ട് പുകയ്ക്കാം. തീ കത്താതിരിക്കുവാൻ ശ്രദ്ധിക്കണം. പുക അര മണിക്കൂറോളം നിലനിർത്തിയശേഷം എടുത്ത് മാറ്റി അടുത്ത ഭാഗത്ത് ആവർത്തിക്കാം. രണ്ടാഴ്ച കൂടുമ്പോൾ പുകയ്ക്കുന്നത്. പൂക്കളുടെ ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടാകും. ഉത്സവകാങ്ങളിലും, പൂവിന് വില കൂടാൻ സാദ്ധ്യതയുള്ള സമയത്തും ഫോസ്ഫേറ്റ് വളം നൽകുന്നതിലൂടെയും പുകയ്ക്കുന്നതിലൂടെയും മുല്ലപ്പൂ അധികമായി ഉണ്ടാക്കുവാൻ കഴിയും. ഇലയിൽ ചെറിയ പുള്ളികൾ മഴക്കാലങ്ങളിൽ ഉണ്ടാകാൻ സാദ്ധ്യത ഏറെ ആണ്. കൂടാതെ മുല്ലമൊട്ട് കൊഴിഞ്ഞു പോകുന്നതും കാണാം. സ്യൂഡോമോണാസ് പത്ത് മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി സ്പ്രേ ചെയ്താൽ ഇത് അനായാസകരമായി നിയന്ത്രക്കാവുന്നതാണ്.



പൂമൊട്ടു തുരക്കുന്ന മൊട്ടുപുഴു, ഇലയുടെ ഹരിതകം കാർന്നു തിന്നുന്ന ഇലചുരുട്ടിപ്പുഴു, ഇലയുടെ നീരൂറ്റുന്ന റേന്തപ്രാണി, വെള്ളപ്പാടുകൾ ഇലയിൽ വീഴ്ത്തുന്ന മണ്ഡരി, പൂമൊട്ടുകളുടെ വളർച്ച തടയുന്ന പൂപ്പേൻ എന്നിവയാണ് മുല്ലയുടെ ശത്രുക്കൾ.

പൂപ്പേൻ, മണ്ഡരി എന്നിവയ്ക്ക് DIMETHOATE (ROGER) 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ഉപയോഗിക്കാം. വേപ്പിൻ കീടനാശിനി (NEEMSAL, NIMBICIDIN, AMRUTH NEEM) 5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ഉപയോഗിക്കാം.

പുഴുക്കൾക്കെതിരെ QUINALPHOS (EKALUX) 2 മില്ലി/ഒരു ലിറ്റർ വെള്ളത്തിൽ പ്രയോഗിക്കാം.

2 മുതൽ 3 വർഷം വരെ മുല്ല പൂത്തു നിറയുന്ന കാലയളവാണ്. നല്ല വണ്ണം ശ്രദ്ധിച്ചാൽ ഒരു ഹെക്ടറിൽ നിന്ന് 3 ടൺ പൂക്കൾ കുറഞ്ഞത് ലഭിക്കും.

## മുല്ലപ്പൂതൈലം സൗന്ദര്യരഹസ്യം

വിശ്വസുന്ദരിമാരുടെ സൗന്ദര്യത്തിൽ മുല്ലപ്പൂത്തൈലത്തിന്റെ സ്ഥാനം ഇന്ന് രഹസ്യമല്ല. ചർമ്മത്തിലേക്ക് ആഴ്ന്നിറങ്ങി ദിവസങ്ങളോളം ലാവണ്യവും മൃദുത്വവും നിലനിറുത്താൻ മുല്ലപ്പൂത്തൈലത്തിനാവും. കാർകൂന്തൽ സമൃദ്ധിയ്ക്കും, തലമുടിയിലെയും, തലയിലെയും പരാദരോഗങ്ങൾക്കും ഉത്തമമാണ് മുല്ലപ്പൂത്തൈലം. ആർത്തവ സംബന്ധമായ വയറുവേദനകൾക്ക് മുല്ലപ്പൂത്തൈലത്തിന്റെ തിരുമ്മൽ ഒരു ഉടൻപരിഹാരമാണ്.

കാൽക്കപ്പ് മുല്ലപ്പൂ, ഒന്നോ രണ്ടോ ഉണക്ക വാനിലാ ബീൻസ് മുറിച്ചത്,- കർപ്പൂരവള്ളി മുറിച്ചത് രണ്ട് കഷ്ണം എന്നിവ ഒരു സിപ്പ്-ലോക്ക് ബാഗിലിട്ട് ഗ്ലാസ് ജാറിലിടണം. അതിലേക്ക് ഒരു കപ്പ് ഒലിവെണ്ണ ഒഴിക്കണം. 2 ദിവസം അന്തരീക്ഷ താപത്തിൽ തന്നെ സൂക്ഷിച്ചാൽ മുല്ലപ്പൂത്തൈലം ഉണ്ടാക്കാം. മുടിയും, മേനിയും സുഗന്ധപൂരിതമാക്കാൻ തയ്യാറായിക്കൊള്ളൂ. മുല്ലപ്പൂത്തൈലം ഗ്യാരന്റി നൽകും.